# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *333 16.12.2014-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പുരുഷൻ കടലുണ്ടി | | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന നിയമനങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സർക്കാർ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്കനുവദിച്ചിട്ടുള്ള രണ്ട് ശതമാനം സംവരണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി എല്ലാ വർഷവും ജനുവരി ഒന്ന് കണക്കാക്കി വിവിധ വകുപ്പുകളിലെ എല്ലാ വിഭാഗങ്ങളിലുമുള്ള തസ്തികകളിലേയും ജീവനക്കാരുടെ എണ്ണവും അതിലെ പട്ടികവർഗ്ഗ പ്രാതിനിധ്യവും ബഹു: മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്താറുണ്ട്. ആയതിൽ പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ലഭ്യമായിട്ടില്ലായെങ്കിൽ പ്രസ്തുത ബാക്ക്ലോഗ് നികത്തുന്നതിനാവശ്യമായ തസ്തികകൾ സംവരണം ചെയ്ത് പ്രത്യേക നിയമനം നടത്തി ടി കുറവ് പരിഹരിക്കാറുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം ലഭ്യമായിട്ടില്ലായെന്ന ദേശീയ പട്ടികജാതി കമ്മീഷന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; | (സി) | 20.07.2011-ലെ G.O.(Ms)No.232/11/GAD ഉത്തരവ് പ്രകാരം പുന:സംഘടിപ്പിച്ച ബഹു: |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റി 06.08.2014-ൽ യോഗം ചേർന്ന് നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖലയിലടക്കം പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ? | (ഡി) | നിലവിൽ സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ സംവരണം പാലിക്കാറുണ്ട്. ഇപ്രകാരം സംവരണം പാലിക്കുന്നില്ല എന്ന പരാതി ലഭിക്കുന്നപക്ഷം സർക്കാർ അനന്തര നടപടി സ്വീകരിച്ചു വരുന്നുണ്ട്. സ്വകാര്യ മേഖലയിലെ സംവരണം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ